കൈത്തറി സഹകരണ സംഘങ്ങളുടെ പേരിലുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായിട്ട് തുടർന്നുകൊണ്ടിരിക്കുകയാണ്.

(സി) റിബേറ്റ് തിരിമറി നടത്തി എന്ന് അന്വേഷണത്തിൽ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള സംഘങ്ങളുടെ പേരിൽ റിബേറ്റ് ക്ലെയിം നിരാകരിക്കുക, തടഞ്ഞുവയ്ക്കുക, സർക്കാരിൽ നിന്നും ഇതര ഏജൻസികളിൽ നിന്നും ലഭിക്കേണ്ടതായ സാമ്പത്തിക സഹായങ്ങൾ തടഞ്ഞുവയ്ക്കുക തുടങ്ങിയ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്വകാര്യ മേഖലയിലുള്ള തുണിമില്ലുകളുടെ പ്രശ്നങ്ങൾ പഠിക്കാൻ സമിതി

35 (2032) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻമത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യമേഖലയിലുള്ള തുണിമില്ലുകളുടെ പ്രശ്നങ്ങൾ പഠിക്കാൻ സമിതിയെ നിയോഗിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സമിതിയുടെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്നും അവരുടെ റിപ്പോർട്ട് എപ്പോൾ ലഭിക്കുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യമേഖലയിലെ തുണിമില്ലുകൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കാനാണ് ഈ സമിതിയെ ചുമതലപ്പെടുത്തിയിരിക്കുന്നത്. ടി സമിതിയുടെ റിപ്പോർട്ട് ജൂലൈ 2000-ൽ തന്നെ ലഭിക്കുന്നതാണ്.

ഹാന്റെക്സിന്റെ പോളിത്തീൻ കവർ നിർമ്മാണം

36 (2033) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോളിത്തീൻ കവർ ഉപയോഗം സർക്കാർ നിരോധിച്ചിട്ടുണ്ടോ ;

(ബി) ഹാന്റെക്സിൽ ഇപ്പോൾ എത്ര ലക്ഷം പോളിത്തീൻ കവർ സ്റ്റോക്കുണ്ട് ;

(സി) വീണ്ടും പോളിത്തീൻ കവർ നിർമ്മിക്കുന്നതിന് ഓർഡർ നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly